# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 459** **27.09.2011 ൽ മറുപടിയ്ക്ക്**

## കാട്ടുമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം

**ചോദ്യം**

ശ്രീ. പി. എ. മാധവൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. ഡൊമനിക് പ്രസന്റേഷൻ
ശ്രീ. എം. പി. വിൻസെന്റ്

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കാർഷിക വിളകളെയും ജനങ്ങളുടെ വസ്തുവകകളെയും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ;

(എ) കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കാർഷിക വിളകളെയും ജനങ്ങളുടെ വസ്തുവകകളെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെ പറയുന്ന നടപടികളാണ് സ്വീകരിക്കുന്നത്.

1. ആന പ്രതിരോധ കിടങ്ങുകൾ കുഴിക്കുക.

2. സൗരോർജ്ജ കമ്പിവേലികളും വൈദ്യുത കമ്പിവേലികളും നിർമ്മിക്കുക.

3) കയ്യാലകൾ നിർമ്മിക്കുക.

4) എലിഫന്റ് സ്കെയറിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക.

5) വാച്ചർമാരെ നിയോഗിച്ച് ആനകളെ തിരിച്ച് കാട്ടിലേക്ക് പിന്തിരിപ്പിക്കുക.

6) ചില്ലീപൗഡർ ക്രാക്കർ ടെക്നിക്കിലൂടെ ആനകളെ കാട്ടിലേക്ക് പിന്തിരിപ്പിക്കുക.

7) ആനകളുടെ സഞ്ചാരപഥം പുന: സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുക.

8) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുക.

9) കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

10) വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

11) കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി എന്നീ സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആവശ്യമായ മറ്റു മേഖലകളിലേക്കും ലഭ്യമാക്കുന്നതാണ്.

12) വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കുകയും തുടർന്ന് ചീഫ് വൈൽഡ്ലൈഫ് വാർഡൻ അതിനുള്ള അധികാരം റെയിഞ്ചാഫീസർമാർക്ക് ഡെലിഗേറ്റ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** ആക്രമണത്തിന് ഇരയാകുന്നവർക്ക് വനം വകുപ്പ് നൽകുന്ന ധനസഹായങ്ങളെന്തെല്ലാമാണ്;

**(ബി)** വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്ക് വനം വകുപ്പ് നൽകുന്ന ധനസഹായങ്ങൾ ചുവടെ ചേർക്കുന്നു

വനത്തിനകത്തു
സംഭവിക്കുന്ന ജീവഹാനി - 3 ലക്ഷം രൂപ

വനത്തിനു പുറത്ത്
പാമ്പുകടിയേറ്റ്
ജീവഹാനി - 1 ലക്ഷം രൂപ

സ്ഥിരമായ അംഗ വൈകല്യം - 25,000 രൂപ വരെ

പരിക്ക് - 5000 രൂപ വരെ

(സി) ആക്രമണം തടയുന്നതിനായി വനം വകുപ്പ് രൂപീകരിച്ച റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഏതെല്ലാം പ്രദേശങ്ങളിലാണ് വന്യസിച്ചിരിക്കുന്നത് ;

(സി) ആക്രമണം തടയുന്നതിനായി വനം വകുപ്പ് രൂപീകരിച്ച റാപ്പിഡ്റെസ് പോൺസ് ടീമുകളെ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരി ച്ചാണ് രൂപീകരിച്ചിട്ടുള്ളത്

(ഡി) ഇതിന്റെ പ്രവർത്തനം വിപുലീകരി ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

(ഡി) റാപ്പിഡ്റെസ്പോൺസ് ടീമുകളുടെ സേവനം ആവശ്യമായ മറ്റു പ്രദേശങ്ങളിലും ലഭ്യമാവുന്നതാണ്. ഈ സംരംഭം വിജയപ്രദമായാൽ ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്

സെക്ഷൻ ഓഫീസർ